## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2350 17/08/2017-ൽ മറുപടിയ്ക്ക്

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ പുരവിമല, കാരിക്കുഴി തുടങ്ങി വിവിധ സെറ്റിൽ മെന്റ് കോളനികളിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ ഭവനമില്ലായ്മ പരിഹരിക്കുന്നതിനായി 2014-15 വർഷം കാരിക്കുഴി സെറ്റിൽമെന്റിൽ 6 വീടുകളും പുരവിമല സെറ്റിൽമെന്റിൽ 14 വീടുകളും അനുവദിക്കുകയും, 2016-17 വർഷം പുരവിമല സെറ്റിൽമെന്റിൽ 6 പേർക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി കാരിക്കുഴി സെറ്റിൽമെന്റിൽ ഒരാൾക്ക് തയ്യൽ മെഷീൻ വാങ്ങുവാനും ഇലക്ട്രിക് വർക്ക് സ്വയം ഏറ്റെടുത്തു ചെയ്യുവാനായി ഒരാളെ തെരഞ്ഞെടുത്ത് കരാർ ഒപ്പു വച്ചിട്ടുണ്ട്. ജനനീ ജന്മരക്ഷാ ചികിത്സാസഹായം ഭക്ഷ്യ ധാന്യസഹായം എന്നിവയിലൂടെയും ആനുകൂല്യങ്ങൾ നല്കിവരുന്നു. |
| ബി) | അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തു കളിലായി വ്യാപിച്ചു കിടക്കുന്ന വിവിധ സെറ്റിൽമെന്റ് കോളനികളുടെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി, പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി ഒരു പാക്കേജ് രൂപീകരിച്ച് അതിലേക്കായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ? | (ബി) | അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളി ലായി വ്യാപിച്ചു കിടക്കുന്ന വിവിധ സെറ്റിൽമെന്റുകളിൽ നിലവിൽ ഊരുകൂട്ടങ്ങൾ സംഘടിപ്പിച്ച് നിലവിൽ പ്രാധാന്യമർഹിക്കുന്ന പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തയ്യാറാക്കി വരുന്നു. പ്രസ്തുത കോളനികളുടെ സമഗ്രവികസനം സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പദ്ധതി രേഖ തയ്യാറാക്കി അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ